**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 468** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ജലസേചനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ കൃഷിയ്ക്കും കുടിവെള്ള സ്രോതസ്സിനുമായുള്ള കുറ്റ്യാടി ജലസേചനപദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ; | (എ) | 1973ൽ ഭാഗികമായി കമ്മീഷൻ ചെയ്ത കുറ്റ്യാടി ജലസേചന പദ്ധതി ആരംഭിച്ചിട്ട് 48 വർഷം പൂർത്തിയായി. |
| (ബി) | നിലവിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഈ പദ്ധതി പ്രകാരമുള്ള കനാലുകൾ വ്യാപിച്ചുകിടക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | 603 കിലോമീറ്റർ ദൂരം വരുന്ന കനാൽ ശൃംഖലയാണ് പദ്ധതിയ്ക്ക് ഉള്ളത്. |
| (സി) | നിലവിലുള്ള മൺകനാലുകളുടെ പല ഭാഗങ്ങളും അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മൺകനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) | മൺകനാലുകളുടെ അറ്റകുറ്റപ്പണികൾ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ചും SDRF, RKI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി അടിയന്തിര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിവരുന്നു. |
| (ഇ) | പദ്ധതിയുടെ റിസർവോയറിൽ മണ്ണും ചെളിയുമടിഞ്ഞതിനാൽ സംഭരണശേഷി പൂർണതോതിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഉണ്ട്. പദ്ധതിയുടെ റിസർവ്വോയറിൽ അടിഞ്ഞു കൂടിയ ചെളിയുടെ അളവ് കണ്ടെത്തുന്നതിനായി കേരള എഞ്ചിനീയറിങ്ങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി (KERI) 2019 ൽ നടത്തിയ പഠനത്തിൽ റിസർവോയറിന്റെ സംഭരണശേഷിയിൽ 36.653% കുറവ് വന്നതായി കണ്ടെത്തുകയും അപ്രകാരം ചെളി നീക്കം ചെയ്യുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ